REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-09-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **മനം മയക്കുന്നതും നിഷേധാത്മകവുമായ സംസാരമില്ലെങ്കിൽ ശ്രദ്ധിക്കപ്പെടില്ലെന്ന ധാരണ മൻ കി ബാത്ത് തിരുത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **സ്വച്ഛ ഭാരത ദൗത്യത്തിൽ മികച്ച സംഭാവന നൽകിയ കോഴിക്കോട്ടെ സുബ്രഹ്മണ്യനെയും മാഹിയിലെ യൂത്ത് ഓഫീസർ കെ രമ്യയേയും പ്രധാനമന്ത്രി അഭിനന്ദിച്ചു.**
- **മഹാരാഷ്ട്രയിലെ 11,200 കോടി രൂപയുടെ പദ്ധതികൾ പ്രധാനമന്ത്രി ഇന്ന് രാജ്യത്തിന് സമർപ്പിക്കും.**
- **തമിഴ്നാട് ഉപമുഖ്യമന്ത്രിയായി ഉദയനിധി സ്റ്റാലിൻ വൈകിട്ട് സത്യപ്രതിജ്ഞ ചെയ്യും.**
- **കാൺപൂർ ക്രിക്കറ്റ് ടെസ്റ്റിൽ മൂന്നാം ദിവസമായ ഇന്ന് ഔട്ട് ഫീൽഡിലെ നനവ് മൂലം ഇതുവരെ ബംഗ്ലാദേശിന്റെ ഇന്നിംഗ്സ് പുനരാരംഭിക്കാനായില്ല.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി മൻ കി ബാത്തിന് ഇന്ന് 10 വർഷം പൂർത്തിയായി. മനം മയക്കുന്നതും നിഷേധാത്മാകവുമായ സംസാരമില്ലെങ്കിൽ ശ്രദ്ധിക്കപ്പെടില്ല എന്ന ധാരണ തിരുത്തി നല്ല വിവരങ്ങളോട് ജനങ്ങൾ എത്രത്തോളം ഉത്സുകരാണെന്ന് മൻ കി ബാത്ത് തെളിയിച്ചതായി നരേന്ദ്രമോദി റേഡിയോ പ്രഭാഷണത്തിൽ പറഞ്ഞു.

മൻ കി ബാത്തിന്റെ ഓരോ പ്രക്രിയയും ക്ഷേത്രദർശനം പോലെയാണ്. പരിപാടിയിലെ ഓരോ കാര്യവും ഓരോ സംഭവവും കത്തും ഈശ്വരതുല്യരായ

ജനതയെ കാണുന്നതുപോലെയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. പ്രസാർ ഭാരതിയിലെ ആകാശവാണി, ദൂരദർശൻ എന്നിവയുടെ അശ്രാന്ത പരിശ്രമത്തെ അഭിനന്ദിച്ച നരേന്ദ്രമോദി പരിപാടി തുടർച്ചയായി സംപ്രേഷണം ചെയ്ത പ്രാദേശിക ചാനലുകളെയും നന്ദി അറിയിച്ചു.

ഒക്ടോബർ രണ്ടിന് സ്വച്ഛ ഭാരത മിഷന് പത്ത് വർഷം തികയുമ്പോൾ അതിനെ ഇന്ത്യൻ ചരിത്രത്തിലെ വലിയൊരു ബഹുജനപ്രസ്ഥാനമാക്കിമാറ്റിയവരെയും അദ്ദേഹം അഭിനന്ദിച്ചു. ജീവിതത്തിലുടനീളം ശുചിത്വഭാരത ലക്ഷ്യത്തിനായി നിലകൊണ്ട മഹാത്മാഗാന്ധിക്ക് നൽകുന്ന യഥാർത്ഥ ആദരവാണ് ദൗത്യമെന്ന് അദ്ദേഹം പറഞ്ഞു.

✪✪✪

സ്വച്ഛ ഭാരത ദൗത്യത്തിൽ വേസ്റ്റ് ടു വെൽത്ത് എന്ന മന്ത്രത്തിന് ഏറെ ജനപ്രീതി ലഭിച്ചതായി പ്രധാനമന്ത്രി പറഞ്ഞു. REDUCE, RE- USE, RECYCLE ശ്രമങ്ങൾക്കായി പരിശ്രമിക്കുന്ന കോഴിക്കോട്ടെ സുബ്രഹ്മണ്യന്റെ സംഭാവനകൾ മൻ കി ബാത്തിൽ  പ്രധാനമന്ത്രി പരാമർശിച്ചു.

കോഴിക്കോട് ലേഖകൻ നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്

....വോയ്സ്....

✪✪✪

മാഹി മുനിസിപ്പാലിറ്റിയിലെ ബീച്ച് ശുചീകരണ പ്രചാരണത്തിൽ യുവസംഘത്തെ നയിക്കുന്ന നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് ഓഫീസർ കെ രമ്യയേയും മൻ കി ബാത്തിൽ പ്രധാനമന്ത്രി പരാമർശിച്ചു. മാഹി പ്രദേശവും ബീച്ചുകളും പൂർണമായും വൃത്തിയാക്കുന്ന സംഘത്തെയും പ്രധാനമന്ത്രി അഭിനന്ദിച്ചു.

ഉത്തരകാശി, ഝാല അതിർത്തി ഗ്രാമത്തിലെ യുവാക്കളുടെ ശുചീകരണയജ്ഞം താങ്ക്യൂ നേച്ചർ പ്രചാരണത്തെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. ഗ്രാമത്തെ മാലിന്യരഹിതമാക്കുകയും ശുചിത്വപൂർണമാക്കുകയും ചെയ്യുന്ന ഇത്തരം പ്രചാരണങ്ങൾ മറ്റു ഗ്രാമങ്ങളും ഏറ്റെടുക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

സ്ത്രീ ശക്തി ജലശക്തിയെ വർദ്ധിപ്പിക്കുന്നതിനും മറിച്ചും പ്രചോദനാത്മകമായ ശ്രമങ്ങളെ കുറിച്ച് മൻ കി ബാത്തിൽ പ്രധാനമന്ത്രി പ്രത്യേകം പരാമർശിച്ചു. UP യിലെ ഝാൻസിയിൽ ഘുരാരി നദിക്ക് 'ജൽ സഹേലി' ക്യാമ്പയിനിൽ പുനർജീവൻ നൽകിയ സ്വയം സഹായ സംഘത്തിന്റെ പ്രവർത്തനം അദ്ദേഹം എടുത്തു പറഞ്ഞു.

മധ്യപ്രദേശിലെ ഡിൻ ഡോരി റായ്പുര ഗ്രാമത്തിൽ വിസ്തൃതമായ കുളം നിർമ്മിച്ചതിലൂടെ ഭൂഗർഭജലനിരപ്പ് ഗണ്യമായി വർദ്ധിച്ചു. അവിടെ ശാരദാ ഉപജീവന സ്വയം സഹായ സംഘവുമായി ബന്ധപ്പെട്ട് സ്ത്രീകൾ മത്സ്യകൃഷിയും ഫിഷ് പാർലറും വിജയത്തിലെത്തിച്ചതായി നരേന്ദ്രമോദി പറഞ്ഞു.

മധ്യപ്രദേശിലെ തന്നെ ഛത്തർപുരിലെ സ്ത്രീകൾ ഖോംപ് ഗ്രാമത്തിലെ കുളം പുനരുജ്ജീവിപ്പിച്ചതും ഹരീബ ബഗിയ സ്വയം സഹായ സംഘത്തിലെ സ്ത്രീകൾ കുളത്തിലെ ചളിയെടുത്ത് തരിശുഭൂമിയിൽ ഫ്രൂട്ട് ഫോറസ്റ്റ് നിർമ്മിച്ചതും പരാമർശമായി. ഇത്തരം ജലസംരക്ഷണപ്രവർത്തനങ്ങൾ മറ്റിടങ്ങളിലും പ്രചോദനമാകുമെന്ന് അദ്ദേഹം പറഞ്ഞു.

ഭാഷാ സംരക്ഷണത്തിന് രാജ്യത്ത് പലയിടത്തും നടത്തുന്ന അതുല്യശ്രമങ്ങളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. സന്താലി ഭാഷയുടെ നവീകരണത്തിനും ഓൾ ചിക്കി ലിപി ടൈപ്പിംഗിനും സഹായകമായ ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കിയ രാംജിത്തിന്റെ പ്രവർത്തനങ്ങളെ പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

ഏക് പേഡ്, മാകെ നാം ക്യാമ്പയിൻ അതിശയ വിജയം നേടിയതായതായും, ഉത്തർപ്രദേശ്, ഗുജറാത്ത്, മധ്യപ്രദേശ്, രാജസ്ഥാൻ, തെലങ്കാന സംസ്ഥാനങ്ങൾ ഉദ്ദേശിച്ചതിലേറെ മരങ്ങൾ നട്ടുപിടിപ്പിച്ച് റെക്കോർഡ് സൃഷ്ടിച്ചതായും അദ്ദേഹം പറഞ്ഞു.

അഞ്ഞൂറിലേറെ അപൂർവ്വ ഔഷധസസ്യങ്ങളുടെ തോട്ടം നിർമ്മിച്ച മധുര വെരിച്ചിയൂരിലെ സുബാശ്രീക്കും പ്രധാനമന്ത്രിയുടെ അഭിനന്ദനം. അധ്യാപികയായ അവർ ഒരുക്കിയ ഔഷധത്തോട്ടം ഇന്ത്യൻ സംസ്കാരത്തിന്റെ പൈതൃകം വെളിപ്പെടുത്തുന്നതാണെന്ന് നരേന്ദ്രമോദി പറഞ്ഞു.

വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ക്രിയേറ്റ് ഇൻ ഇന്ത്യ ചലഞ്ചുകളിലെ പങ്കാളിത്തത്തിന് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. യുവജനങ്ങളുടെ കഴിവുകൾക്ക് വേദി ലഭിക്കാൻ 25 ചലഞ്ചുകളാണ് മന്ത്രാലയം ആവിഷ്കരിച്ചിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

മേക്ക് ഇൻ ഇന്ത്യ ക്യാമ്പയിൻ ഈ മാസം പത്ത് വർഷം പൂർത്തിയാവുന്നതായും, പദ്ധതിയിലൂടെ ഭാരതം ഉൽപാദനത്തിന്റെ ശക്തികേന്ദ്രമായി മാറിയെന്നും കയറ്റുമതി തുടർച്ചയായി ഉയരുകയാണെന്നും നരേന്ദ്രമോദി പറഞ്ഞു. മേക്ക് ഇൻ ഇന്ത്യ ക്യാമ്പയിൻ വിജയഗാഥയ്ക്ക് തുടർച്ച ഉറപ്പാക്കാൻ ഗുണനിലവാരത്തിനും പ്രാദേശിക ഉത്പന്ന നിർമ്മാണത്തിനും പ്രാധാന്യം നൽകണമെന്ന് പ്രധാനമന്ത്രി ആവർത്തിച്ചു. പ്രാദേശിക ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിലൂടെ ജനങ്ങൾക്ക് മികച്ച നേട്ടം കൈവരിക്കാനാകും.

രാജ്യത്തിന്റെ പല ഭാഗങ്ങളിലും ലഭിക്കുന്ന ശക്തമായ മഴയിലെ ജലം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും, ക്യാച്ച് ദ റെയിൻ അടക്കം ക്യാമ്പയിനുകൾ നൽകുന്ന സന്ദേശം ഇതാണെന്നും അദ്ദേഹം പറഞ്ഞു.

ഈ ആഘോഷ വേളയിൽ വാങ്ങുന്ന ഉത്പന്നങ്ങളും സമ്മാനിക്കുന്ന സാധനങ്ങളും മേഡ് ഇൻ ഇന്ത്യ ആയിരിക്കണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു. ഓരോ പ്രദേശത്തും നിർമ്മിച്ച ഉത്പന്നങ്ങളെ പരമാവധി പ്രോത്സാഹിപ്പിക്കണമെന്നും നരേനന്ദ്രമോദി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി മഹാരാഷ്ട്രയിൽ 11,200 കോടി രൂപയുടെ വിവിധ പദ്ധതികൾ ഇന്ന് വീഡിയോ കോൺഫറൻസിലൂടെ രാജ്യത്തിന് സമർപ്പിക്കും. പൂനെ മെട്രോ റെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

തമിഴ്നാട് ഉപമുഖ്യമന്ത്രിയായി സംസ്ഥാന യുവജനകാര്യ കായിക മന്ത്രി ഉദയനിധി സ്റ്റാലിൻ വൈകിട്ട് സത്യപ്രതിജ്ഞ ചെയ്യും. സെന്തിൽ ബാലാജി, ഡോ.ഗോവി ചെഴിയൻ, R.രാജേന്ദ്രൻ, S.M.നാസർ എന്നിവരെയും ഇന്ന് സ്റ്റാലിൻ മന്ത്രിസഭയിൽ ഉൾപ്പെടുത്തും. രാജ്ഭവനിൽ നടക്കുന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ സംസ്ഥാന ഗവർണർ R.N രവി മന്ത്രിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുക്കും.

✪✪✪

ജമ്മു കശ്മീരിൽ മൂന്നാമത്തെയും അവസാനത്തെയും ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം ഇന്ന് വൈകിട്ട് അവസാനിക്കും. കശ്മീർ ഡിവിഷനിലെ 16 ഉം ജമ്മു മേഖലയിലെ 24 ഉം ഉൾപ്പെടെ 40 മണ്ഡലങ്ങളിൽ മറ്റന്നാളാണ് വോട്ടെടുപ്പ്.

✪✪✪

ഇന്ന് ലോക ഹൃദയ ദിനം. ഹൃദയം കൊണ്ട് നമുക്ക് പ്രവർത്തിക്കാം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഹൃദയ സംബന്ധമായ രോഗങ്ങളെ കുറിച്ച അറിവ് ജനങ്ങളിലേക്ക് എത്തിക്കുന്നതിനും രോഗലക്ഷണങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനും ചികിത്സ തേടുന്നതിനും ബോധവത്ക്കരിക്കുന്നതിനും എല്ലാവരും സന്നദ്ധരായി ഇറങ്ങുക എന്നതാണ് ദിനാചരണത്തിന്റെ ഉദ്ദേശ്യം.

✪✪✪

കേടായ കാർഷിക യന്ത്രങ്ങൾ നന്നാക്കി ഉപയോഗി ക്കുന്നതിന് സംസ്ഥാനത്ത് 280 സർവിസ് ക്യാമ്പ് സംഘടിപ്പി ക്കുമെന്ന് മന്ത്രി P പ്രസാദ് പറഞ്ഞു. 'ഓരോ ജില്ലയിലും 20 വീതം ക്യാമ്പ് നടത്തും. ഇതിനായി 70 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കാർഷിക യന്ത്ര ങ്ങളുടെ അറ്റകുറ്റ പണിക്കായി കാർഷിക എൻജിനീയറിങ് വിഭാഗം ചേർത്തലയിൽ സംഘടിപ്പിച്ച സംസ്ഥാനതല സർവീസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി സാമൂഹിക പഠനമുറികൾ കൂടുതൽ ആകർഷകമാക്കുമെന്ന് മന്ത്രി OR കേളു , വയനാട് ജില്ലാ വികസന സമിതി യോഗത്തിൽ അറിയിച്ചു. കൂടുതൽ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്ന വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് പ്രാദേശിക നിർവഹണ സമിതി, കോഡിനേഷൻ കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചതായും മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലാതല പട്ടയ വിതരണം മറ്റന്നാൾ മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും. രാവിലെ കോവൂർ P. കൃഷ്ണപിള്ള സ്മാരക ഓഡിറ്റോറിയത്തിലാണ് പരിപാടി.

കോഴിക്കോട് താമരശ്ശേരി താലൂക്കുകളില പട്ടയങ്ങൾ ചടങ്ങിൽ വിതരണം ചെയ്യും.

✪✪✪

കാൺപൂർ ക്രിക്കറ്റ് ടെസ്റ്റിൽ മൂന്നാം ദിവസമായ ഇന്ന് ഔട്ട് ഫീൽഡിലെ നനവ് മൂലം ഇതുവരെ ബംഗ്ലാദേശിന്റെ ഇന്നിംഗ്സ് പുനരാരംഭിക്കാനായില്ല.
ടെസ്റ്റ് മത്സരത്തിന്റെ രണ്ടാം ദിവസം മഴ മൂലം ഒരു പന്ത് പോലും എറിയാൻ കഴിഞ്ഞില്ല. ആദ്യ ദിവസം ബംഗ്ലാദേശ് മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 107 റൺസ് എടുത്തിരുന്നു. ടോസ് നേടിയ ഇന്ത്യ ബംഗ്ലാദേശിനെ ബാറ്റിംഗിന് അയക്കുകയായിരുന്നു. ആകാശ് ദീപ് രണ്ട് വിക്കറ്റും രവിചന്ദ്രൻ അശ്വിൻ ഒരു വിക്കറ്റും വീഴ്ത്തി.

✪✪✪

ISL ഫുട്ബാളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. രാത്രി ഏഴരയ്ക്ക് ഗുവാഹത്തിയിലാണ് മത്സരം.

ഇന്നലെ ബംഗളുരുവിൽ, ബംഗളുരു FC മറുപടിയില്ലാത്ത മൂന്ന് ഗോളിന് മോഹൻ ബഗാനെ തോൽപ്പിച്ചു.

മറ്റൊരു മത്സരത്തിൽ ഭുവനേശ്വറിൽ ഒഡീഷ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് ജംഷഡ്പൂരിനെ പരാജയപ്പെടുത്തി.

✪✪✪

SAFF അണ്ടർ 17 ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ നാളെ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഭൂട്ടാനിലെ തിംഫുവിൽ ഇന്നലെ സെമിയിൽ ഇന്ത്യ രണ്ടിനെതിരെ നാല് ഗോളിന് നേപ്പാളിനെ തോൽപ്പിച്ചു. രണ്ടാം സെമിയിൽ ബംഗ്ലാദേശ് പെനാൽറ്റി ഷൂട്ടൗട്ടിൽ പാക്കിസ്ഥാനെ ഏഴിനെതിരെ എട്ട് ഗോളിന് പരാജയപ്പെടുത്തി.

✪✪✪

ബംഗ്ലാദേശിനെതിരായ ട്വന്റി- 20 ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. സൂര്യകുമാർ യാദവ് നയിക്കുന്ന ടീമിൽ മലയാളി താരം സഞ്ജു സാംസണെ ഒന്നാം വിക്കറ്റ് കീപ്പറായി ഉൾപ്പെടുത്തി.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് അപേക്ഷകരെ തെരഞ്ഞെടുക്കുന്നതിന് വെള്ളിയാഴ്ച വൈകീട്ട് 3.30ന് നറുക്കെടുപ്പ് നടത്തുമെന്ന് കേന്ദ്ര ഹജ്ജ് കമ്മിറ്റി അറിയിച്ചു. ഹജ്ജിന് അപേക്ഷ സമർപ്പിക്കാൻ സമയപരിധി നാളെ അവസാനിക്കും.

അപേക്ഷകർ കവർ നമ്പർ ലഭിച്ചു എന്ന് ഉറപ്പുവരുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

കൂത്തുപറമ്പ് വെടിവെപ്പിൽ പരിക്കേറ്റ് ചികിത്സയിൽ കഴിയവെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ ഇന്നലെ അന്തരിച്ച പുഷ്പന്റെ സംസ്കാരം വൈകിട്ട് അഞ്ചിന് തലശ്ശേരി ചൊക്ലി മേനപ്രത്തെ വീട്ടുപരിസരത്ത് നടത്തും. 1994 നവംബർ 25 ന് കൂത്തുപറമ്പ് അർബൻ സഹകരണ ബാങ്കിന്റെ ശാഖ ഉദ്ഘാടനം ചെയ്യാനെത്തിയ മന്ത്രി MV. രാഘവനെ സ്വാശ്രയ വിദ്യാഭ്യാസ പ്രശ്നവുമായി ബന്ധപ്പെട്ട് കരിങ്കൊടി കാട്ടുന്നതിനിടെയാണ് പുഷ്പന് വെടിയേറ്റത്.

✪✪✪

മഞ്ചേരി ജനറൽ ആശുപത്രിയുടെ പ്രവർത്തനം നിർത്തുന്നുവെന്ന പ്രചാരണങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് മലപ്പുറം ജില്ലാമെഡിക്കൽ ഓഫീസർ

ഡോ. R. രേണുക ജില്ലാ ആസൂത്രണസമിതി യോഗത്തിൽ അറിയിച്ചു. ഡോക്ടർമാർ ഉൾപ്പെടെ ജീവനക്കാരെ ജനറൽ ആശുപത്രിയിൽ നിന്ന് മാറ്റാൻ ഗവൺമെന്റ് നിർദേശം ലഭിച്ചുവെന്ന പ്രചാരണം അടിസ്ഥാനമില്ലാത്തതാണെന്നും DMO വ്യക്തമാക്കി.

✪✪✪